# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4132** — **18-07-2022 - ൽ മറുപടിയ്ക്ക്**

## ആസ്തി വികസന പദ്ധതിക്ക് നിയോജകമണ്ഡല അടിസ്ഥാനത്തിൽ പൊതു ഹെഡ് ഓഫ് അക്കൗണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഒരു പുതിയ ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിക്കുന്നതിന് ധനവകുപ്പിന്റെ നടപടികളും മാനദണ്ഡങ്ങളും വിശദമാക്കാമോ; | (എ) | പുതിയ ശീർഷകം തുറക്കുന്നതിനുള്ള ഭരണവകുപ്പിന്റെ ശിപാർശ ധനകാര്യ (ബജറ്റ്) വകുപ്പിൽ ലഭ്യമാകുമ്പോൾ പ്രസ്തുത ശിപാർശ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ്-ന്റെ " ലിസ്റ്റ് ഓഫ് മേജർ ആന്റ് മൈനർ ഹെഡ്സ് ഓഫ് അക്കൗണ്ട്സ്" (LMMHA) പ്രകാരമുള്ളതാണോയെന്ന് ഉറപ്പ് വരുത്തിയും ഉചിത തലത്തിലുള്ള പരിശോധന നടത്തിയും ബഡ്ജറ്റിൽ ശീർഷകം തുറക്കാവുന്നതാണ്. പുതിയ ധനാഭ്യർത്ഥന/ മുഖ്യ കണക്ക് ശീർഷകം എന്നിവ തുറക്കുന്നതിനും അവയുടെ പേര് മാറ്റുന്നതിനുമുള്ള ശിപാർശകളാണെങ്കിൽ അവയ്ക്ക് കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അനുമതി അനിവാര്യമാണ്. |
| (ബി) | ആസ്തി വികസന പദ്ധതിക്ക് നിലവിൽ എത്ര ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെയാണ് തുക ചെലവഴിക്കുന്നതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | ആസ്തി വികസന പദ്ധതിക്ക് നിലവിൽ 41 ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെയാണ് തുക ചെലവഴിക്കുന്നത്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഉപഭോക്തൃ വകുപ്പുകളുടെ വിവിധ ഹെഡ്ഓഫ് അക്കൗണ്ടുകളിലൂടെ തുക കൈമാറുന്നതിന് നിലവിൽ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ പ്രത്യേക വികസന നിധിയുടെ മാതൃകയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു പൊതു ഹെഡ് ഓഫ് അക്കൗണ്ട് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | LAC-ADS ലെ മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംങ്ങ് വിംഗുകളുള്ള വകുപ്പുകളാണെങ്കിൽ അതാത് വകുപ്പുകൾക്ക തന്നെയാണ് പ്രവൃത്തികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം. പ്രവൃത്തിയുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത് ആസ്തി വികസന ഫണ്ടിന് പൊതു ഹെഡ് ഓഫ അക്കൗണ്ട് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ ആരംഭിച്ച് പ്രസ്തുത ഹെഡിൽ നിന്ന് ഓരോ ബില്ലും മാറി നല്കുകയാണെങ്കിൽ ഓരോ ഫയലും പേയ്മെന്റിനായി ധനവകുപ്പിൽ വരേണ്ടി വരും. പ്രസ്തുത കാലതാമസം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിനാണ് അതാത് ഗുണഭോക്ത വകുപ്പുകളുടെ നിയന്ത്രണത്തിൽ തന്നെ ശീർഷകങ്ങൾ അനുവദിച്ചു നൽകി മതിയായ ഫണ്ടും ഉറപ്പുവരുത്തുന്നത്. ഇതിനുപുറമേ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ബിൽ തുക നേരിട്ട് അനുവദിയ്ക്കുന്നതിന് ധനകാര്യ സെക്രട്ടറി നിയന്ത്രണാധികാരിയായി പ്രത്യേക ശീർഷകത്തിന്റെ കീഴിൽ ആവശ്യമായ തുക വകയിരുത്തിവരുന്നുമുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമർപ്പിയ്ക്കുന്ന ആസ്തിവികസന നിധിയിലെ ബില്ലുകൾ മാറുന്നതിന് നിലവിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല മാത്രമല്ല ആസ്തി വികസന നിധിയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് അടിയന്തിരമായി അധിക ധനാനുമതി നൽകുന്നതിനും ധനകാര്യ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി പ്രവൃത്തികൾ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി മാതൃകയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു പൊതു ഹെഡ് ഓഫ് അക്കൗണ്ട് സംവിധാനം ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | പല ഹെഡ് ഓഫ് അക്കൗണ്ടിൽ കിടക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് കണ്ടെത്തുന്നതിന് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുന്ന സാഹചര്യം കൂടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# Head of Accounts- LAC ADS

| Sl No. | Head of Account |
|---|---|
| | |
| 1 | 2070-00-108-87(NP) |
| 2 | 2801-80-190-99(NP) |
| 3 | 3055-00-190-97(NP) |
| 4 | 4055-00-207-94(NP) |
| 5 | 4059-01-051-64(NP) |
| 6 | 4059-60-051-72-16(NP) |
| 7 | 4202-01-800-83(NP) |
| 8 | 4202-01-800-88(NP) |
| 9 | 4202-01-800-84(NP) |
| 10 | 4202-02-800-85(NP) |
| 11 | 4202-02-800-82(NP) |
| 12 | 4202-03-102-99(NP) |
| 13 | 4202-03-102-88(NP) |
| 14 | 4202-04-101-97(NP) |
| 15 | 4202-04-105-98(NP) |
| 16 | 4210-02-800-95(NP) |
| 17 | 4210-02-800-94(NP) |
| 18 | 4210-02-800-93(NP) |
| 19 | 4215-01-800-93(NP) |
| 20 | 4225-80-800-98(NP) |
| 21 | 4235-02-102-92(NP) |
| 22 | 4235-02-106-97(NP) |
| 23 | 4401-00-001-98(NP) |
| 24 | 4405-00-800-75(NP) |
| 25 | 4406-01-101-97(NP) |
| 26 | 4425-00-108-29(NP) |
| 27 | 4515-00-800-96(NP) |
| 28 | 4700-80-800-89(NP) |
| 29 | 4801-80-101-98(NP) |
| 30 | 4851-00-106-78(NP) |
| 31 | 4851-00-105-97(NP) |
| 32 | 5051-02-200-71(NP) |
| 33 | 5054-03-101-98(NP) |
| 34 | 5054-03-337-94(NP) |
| 35 | 5055-00-190-95(NP) |
| 36 | 7055-00-190-94(NP) |
| 37 | 5055-00-800-77(NP) |
| 38 | 5452-01-101-90(NP) |
| 39 | 5475-00-800-91(NP) |
| 40 | 4702-00-102-93 (NP) |
| 41 | **2202-02-001-79(NP)** |